**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2869** **07-10-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങാൻ ധന സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങാൻ ധന സഹായം അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | ബാലുശ്ശേരി മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 107 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങാൻ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | ബാലുശ്ശേരി മണ്ഡലത്തിൽ സ്വന്തമായി ഭൂമിയില്ലാത്ത എത്ര പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾ ഉണ്ട്; ഗ്രാമ പഞ്ചായത്തുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ; | (ബി) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | മണ്ഡലത്തിൽ ഭൂമിയില്ലാത്ത പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി വാങ്ങുന്നതിനായി നാളിതുവരെ സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (സി) | പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതിയിലൂടെ ഭൂമി ലഭ്യമാക്കുന്നുണ്ട്. ഭൂരഹിതരായ പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ആദിവാസി പുനരധിവാസ മിഷൻ മുഖേന ഭൂമി വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതിയിലൂടെയും ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി അനുവദിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ഗ്രാമപഞ്ചായത്ത് | പട്ടികജാതിയിൽപ്പെട്ട ഭൂരഹിതർ | പട്ടികവർഗ്ഗത്തിൽപ്പെട്ട ഭൂരഹിതർ |
|---|---|---|
| ബാലുശ്ശേരി | 60 | 2 |
| ഉള്ളേരി | 63 | - |
| നടുവണ്ണൂർ | 30 | - |
| കോട്ടൂർ | 39 | 5 |
| പനങ്ങാട് | 35 | 4 |
| ഉണ്ണികുളം | 51 | 3 |
| കൂരാച്ചുണ്ട് | 9 | 2 |
| കായണ്ണ | 16 | 3 |
| അത്തോളി | 98 | - |
| **ആകെ** | **401** | **19** |